**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6178** **09-07-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനിവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ക്രമക്കേടുകൾ തടയുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി)നിയമം അംഗീകരിക്കുകയും ടി സമഗ്ര നിയമ ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതിചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്നതിനും സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടീം ഓഡിറ്റ് പൈലറ്റ് പദ്ധതിയായി പത്തനംതിട്ട , |

തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ചിരുന്നു. ടി ജില്ലകളിൽ പദ്ധതി വൻ വിജയമായതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയുണ്ടായി.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, സുതാര്യമാക്കി ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രവർത്തന ക്ഷമമായ പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969 ലെ കേരള സഹകരണ നിയമം ചട്ടം 53 ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16.04.2023 ലെ സ.ഉ(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ആകെ 1115.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപ്പാദനത്തിലും, സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി

| | | | |
|---|---|---|---|
| | | | ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവർത്തികളെയും പരിപോഷിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനായി അവശ്യമായ നിർദ്ദേശം നൽകുന്നതിന് കേരള ബാങ്ക് PACS Advisory Committee രൂപീകരിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ പിൻവലിക്കാനുള്ള NODC വ്യവസ്ഥ 90% ത്തിൻ നിന്ന് 100% മായി ഉയർത്തിയിട്ടുണ്ട്. ഇത് സംഘം വായ്പകളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ദുർബലമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള revival പദ്ധതി പ്രകാരം സംഘങ്ങളുടെ വായ്പകൾ ക്രമീകരിക്കുന്നതിനും അതിലൂടെ കുടിശ്ശിക കുറയ്ക്കുന്നതിനുമുള്ള നടപടികളും കേരളാ ബാങ്ക് സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത സംഘങ്ങളെ ആധുനികവത്കരിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നത് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, സുതാര്യമാക്കി ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെൻഡർ 18.12.2021-ന് ഇ-ടെൻഡർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ടാറ്റാ കൺസൾട്ടൻസി സർവ്വീസ് (TCS) എന്ന കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്ത് ബിഡ് സമർപ്പിച്ചിട്ടുള്ളത്. ഫിനാൻഷ്യൽ ബിഡ് ഇവാല്യൂവേഷന്റെ ഭാഗമായി 08.01.2024-ന് ഫിനാൻഷ്യൽ ബിഡ് ഓപ്പൺ ചെയ്യുകയുണ്ടായി. 206,43,73,164.12 രൂപയാണ് (ഇരുന്നൂറ്റി ആറ് കോടി നാൽപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റി അറുപത്തിനാല് രൂപ പന്ത്രണ്ട് പൈസ) ടി പദ്ധതി നടപ്പിലാക്കുന്നതിനായി TCS സമർപ്പിച്ചിട്ടുള്ള ബിഡ് തുക. ഇ-ടെൻഡറിൽ പങ്കെടുത്ത് TCS സമർപ്പിച്ച ടെക്നിക്കൽ,ഫിനാർഷ്യൽ ബിഡ്കൾ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം (letter of Intent) TCS ന് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ